# ST.PETER'S HSS ELANJI



# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

# സെന്റ്.പീറ്റേഴ്സ് എച്ച്.എസ്സ്.എസ്സ് ഇലഞ്ഞി
# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ആമുഖം**

**വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി. ദേശീയ പാഠ്യപദ്ധതി-2005 സൂചിപ്പിക്കുന്നതനുസരിച്ച് എല്ലാ വിഭാഗക്കാർക്കും പഠനനേട്ടം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ പ്രക്രിയയുടെ സമസ്ത മേഖലകളിലും കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിക്കുക എന്നതായിരിക്കണം നമ്മുടെ കാഴ്ചപ്പാട്.**

**കുട്ടികൾ ഏർപ്പെട്ടിരിക്കുന്ന ജ്ഞാനനിർമ്മാണപ്രക്രിയയിൽ അദ്ധ്യാപകർ കൂടുതൽ സജീവമായ പങ്ക് വഹിക്കുകയാണെങ്കിൽ, അതു കുട്ടികളുടെ അറിവിനെ ശക്തിപ്പെടുത്തുന്നതായിരിക്കും. അറിഞ്ഞതിന്റെയും കഷ്ടിച്ച് അറിയുന്നതിന്റെയും ഇടയ്ക്കുള്ള ഇടത്തിൽ ആണ് പുതിയ അറിവ് സൃഷ്ടിക്കപ്പെടുന്നത്.**

**അന്വേഷണം, പര്യവേഷണം, ചോദ്യം ചോദിക്കൽ, ഡിബേറ്റുകൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ ആവശ്യമായ പ്രായോഗികചിന്ത അദ്ധ്യാപകന്റെ സജീവമായ ഇടപെടലിന്റെ ഭാഗമാണ്. അതിനാൽ വിദ്യാഭ്യാസപ്രക്രിയ സജീവമായി നിലനിൽക്കേണ്ടതുണ്ട്. ഇതിന് പൊതുജനപങ്കാളിത്തവും ആവശ്യമാണ്. ഈ സാഹചര്യത്തിൽ ആസൂത്രണം വിദ്യാഭ്യാസപ്രക്രിയയിൽ ഒരു പ്രധാന ഘടകമാണ്.**

**കേരള സ്കൂൾ പാഠ്യപദ്ധതി (2013) യുടെ സവിശേഷതകൾക്കനുസൃതമായ കാലഘട്ടങ്ങൾക്ക് യോജിച്ച നിയമവ്യവസ്ഥകളോടു ചേർന്നുനിന്നു** കൊണ്ട് സെന്റ്.പീറ്റേഴ്സ് എച്ച്.എസ്സ്.എസ്സ് ഇലഞ്ഞി **പ്രവർത്തനപരിപാടികളുമായ മുന്നോട്ടു നീങ്ങുന്നു. സജീവമായ പ്രവർത്തനങ്ങൾക്ക് ഒരു താങ്ങായ അക്കാദമിക്-മാസ്റ്റർ പ്ലാൻ ഒരു ചാലകശക്തി തന്നെയാണ്.**

## ചരിത്രം

വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമധേയത്തിലുള്ള ഇലഞ്ഞിപള്ളിയുടെ വികാരിയായിരുന്ന ബഹു. ജോർജ്ജ് മുരിക്കനെച്ചന്റെ നേതൃത്വത്തിൽ സെന്റ്. പീറ്റേഴ്സ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ 1925-ൽ സ്ഥാപിതമായി. സി. എ പത്രോസ് സാറായിരുന്നു പ്രഥമ അധ്യാപകൻ. 27 ആൺ കുട്ടികൾ ആദ്യബാച്ചിൽ സ്കൂളിൽ ചേർന്നു.

1949 ജൂണിൽ ഈ സ്കൂളിനെ ഇംഗ്ലീഷ് ഹൈസ്കൂൾ ആയി ഉയർത്തി ഹെഡ്മാസ്റ്ററായി റവ. ഡോ. എബ്രാഹം വടക്കേലച്ചൻ ചുമതലയേറ്റു. 1950-60 കളിൽ പ്രശസ്ത കവിയത്രി സി. മേരി ബനീഞ്ഞാ സ്കൂളിൽ അധ്യാപികയായിരുന്നു. 1960-63 കളിൽ ജില്ലാ യുവജനോത്സവത്തിൽ 2 തവണ ഓവറോൾ കിരീടം നേടുകയുണ്ടായി. 1970-80 കാലഘട്ടത്തിൽ 35 ഡിവിഷനും 1660 കുട്ടികളും 51 അധ്യാപകരും 7 അനധ്യാപകരുമായി സ്കൂൾ വളർന്നു.

1993-ൽ എസ്.എസ്.എൽ.സി യ്ക്ക് ഈ സ്കൂളിലെ അമ്പിളി. എൻ മുവാറ്റുപുഴ വിദ്യാഭ്യാസ ജില്ലയിൽ ഒന്നാമതെത്തിയത് സ്കൂളിന് ചരിത്രനേട്ടമായി. 1999-ൽ പി. സി. തോമസ് എം. പി യുടെ സഹായത്താൽ കംപ്യൂട്ടർ ലാബ് സജ്ജീകരിക്കാൻ കഴിഞ്ഞത് കംപ്യൂട്ടർ പഠനരംഗത്ത് പുതിയ കാൽവയ്പായി.

2000-ൽ സ്കൂൾ ബഹു. ജോർജ്ജ് മണ്ഡപത്തിലച്ചന്റെ ശ്രമഫലമായി ഹയർസെക്കന്ററി വിഭാഗം 2 സയൻസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചുമായി ആരംഭിച്ചു. മാനേജരായിരുന്ന ബഹു. ജോർജ്ജ് വഞ്ചിപ്പുരയ്ക്കൽ അച്ചൻ പ്രത്യേക താൽപര്യമെടുത്ത് മനോഹരമായ ഹയർ സെക്കന്ററി ബ്ലോക്ക് നിർമ്മിച്ചു.



# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | സെന്റ് പീറ്റേഴ്സ് ഹയർസെക്കണ്ടറി സ്കൂൾ |
| വിലാസം | - | ഇലഞ്ഞി പി. ഒ., എറണാകുളം പിൻ 686 665 |
| ഫോൺ | - | 0485 2257492 |
| സ്കൂൾ കോഡ് | - | 28023 |
| ഹെഡ്മാസ്റ്റർ | - | തോമസ് മാത്യു (7559963761) |
| വിദ്യാഭ്യാസ ഉപജില്ല | - | കൂത്താട്ടുകുളം |
| വിദ്യാഭ്യാസ ജില്ല | - | മൂവാറ്റുപുഴ |
| റവന്യൂ ജില്ല | - | എറണാകുളം |
| ബി.ആർ.സി | - | കൂത്താട്ടുകുളം |
| ഗ്രാമപഞ്ചായത്ത് | - | ഇലഞ്ഞി |
| ബ്ലോക്ക് പഞ്ചായത്ത് | - | പാമ്പാക്കുട |
| ജില്ലാ പഞ്ചായത്ത് | - | എറണാകുളം ഡിവിഷൻ |
| നിയമസഭാ മണ്ഡലം | - | പിറവം |
| ലോകസഭാ മണ്ഡലം | - | കോട്ടയം |
| താലൂക്ക് | - | മൂവാറ്റുപുഴ |
| വില്ലേജ് | - | ഇലഞ്ഞി |
| ഇ-മെയിൽ | - | 28023elanji@gmail.com |

**അദ്ധ്യാപകർ**

പ്രഥമാദ്ധ്യാപകൻ ഉൾപ്പെടെ ആകെ സ്റ്റാഫ് 27 പേർ സ്കൂളിൽ പ്രവർത്തിക്കുന്നു. 392 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

**അദ്ധ്യാപകപരിശീലനം**

കാലാകാലങ്ങളിൽ നടത്തി വരുന്ന അദ്ധ്യാപകപരിശീലനങ്ങളിൽ എല്ലാ അദ്ധ്യാപകരും പങ്കെടുക്കുന്നു. എസ്.ആർ.ജി. ചർച്ച ചെയ്ത പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പാക്കുന്നു. ഈ സ്കൂളിലെ പല അദ്ധ്യാപകരും എസ്.ആർ.ജി. മാരായും ഡി.ആർ.ജി. മാരായും പ്രവർത്തിച്ച് മികവ് തെളിയിക്കുന്നു.

**അടിസ്ഥാന സൗകര്യങ്ങൾ**

ഹൈസ്കൂൾ വിഭാഗത്തിൽ 7 ഡിവിഷനുകളും യു.പി. വിഭാഗത്തിൽ 6 ഡിവിഷനുകളും പ്രവർത്തിക്കുന്നു.

**ഐ.റ്റി. ലാബ്**

ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ ഐ.റ്റി. ലാബും മൾട്ടി മീഡിയ തീയറ്ററും സ്കൂളിൽ ഉണ്ട്. മുഴുവൻ അദ്ധ്യാപകരും ഐ.റ്റി. പരിശീലനം നേടിയവരാണ്.

**സയൻസ് ലാബ്**

സുസജ്ജമായ സയൻസ് ലാബ് സ്കൂളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

**അനുബന്ധസംവിധാനങ്ങൾ**

എസ്.ആർ.ജി., എസ്.എം.വി., പി.റ്റി.എ., എം.പി.റ്റി.എ., എസ്സ്.എസ്സ്. ജി. അലുമിനി അസോസിയേഷൻ, പൂർവ്വാദ്ധ്യാപകർ എന്നിവരുടെ സേവനങ്ങൾ സ്കൂൾ പ്രവർത്തനത്തിന് ഉത്തരോത്തരം മികവ് വർദ്ധിപ്പിക്കുന്നു.

**സാമൂഹികപങ്കാളിത്തം**

സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് സമീപപ്രദേശങ്ങളിലെ അഭ്യുദയകാംക്ഷികൾ, വ്യാപാരസ്ഥാപനങ്ങൾ, ടാക്സി ഡ്രൈവർമാർ തുടങ്ങിയവരുടെ സേവനങ്ങൾ ലഭിച്ചുവരുന്നു. ഇവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ലഹരിനിർമ്മാർജ്ജനം നടപ്പാക്കാൻ സാധിക്കുന്നു.

## ഭാഷാപരമായ അക്കാദമിക പ്രവർത്തനങ്ങൾ

**1. അക്ഷരക്കളരി** (യു.പി. തലം)

- നിശ്ചിത അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ
- സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
- വിട്ടുപോയ പദങ്ങൾ എഴുതൽ

കേട്ടെഴുത്ത്, പിരിച്ചെഴുത്ത്, പര്യായം, വിപരീതപദങ്ങൾ മുതലായവ

**2. വായന**

- സ്കൂൾ ലൈബ്രറി
- വിപുലമായ പുസ്തകശേഖരം

വായനക്കുറിപ്പ് തയ്യാറാക്കൽ - ലൈബ്രറി പുസ്തകങ്ങളുടെ കുറിപ്പ്






3. ന്യൂസ് പേപ്പർ
   - എല്ലാ ക്ലാസിലും പത്രങ്ങൾ.
   - അസംബ്ലിയിൽ കുട്ടികൾ വാർത്തകൾ വായിക്കുന്നു.
   - വാർത്തകൾ തയ്യാറാക്കുന്നു.
   - പൊതുവിജ്ഞാനത്തെ അടിസ്ഥാനമാക്കി ക്വിസ് പ്രോഗ്രാം.

4. സാഹിത്യം
   - സാഹിത്യകാരന്മാരെയും കൃതികളെയും അടുത്തറിയൽ
   - സാഹിത്യപുരസ്കാര ജേതാക്കളെ പരിചയപ്പെടൽ
   - ഏറ്റവും പുതിയ പുസ്തകങ്ങളെക്കുറിച്ച് അറിവുനേടൽ
   - പുസ്തകനിരൂപണം
   - മാതൃഭാഷാ ദിനാചരണം.
   - കഥ, കവിത, ഉപന്യാസ പരിശീലനം
   - പാഠ്യേതരകഴിവുകളുടെ കളരികൾ
   - നാടകശില്പശാല
   - കവിതയ്ക്ക് ഈണം നൽകൽ

ഇംഗ്ലീഷ്,ഹിന്ദി ഭാഷാപരിപോഷണം
   - സ്പോക്കൺ ഇംഗ്ലീഷ്
   - ഭാഷാടിസ്ഥാനത്തിലുള്ള അസംബ്ലി
   - പ്രസംഗമത്സരം





തുല്യത

- ഭിന്നശേഷിക്കാർക്കുകൂടി പങ്കെടുക്കാൻ കഴിയുന്ന പഠനപ്രവർത്തനങ്ങൾ

ഗണിതം

- ഗണിതപ്രക്രിയയിൽ പ്രാവീണ്യം നേടുന്നതിനായി ഹ്രസ്വകാല-മധ്യകാല-ദീർഘകാല പരിശീലനപരിപാടികളുടെ നടത്തിപ്പ്.
- ഗണിതശാസ്ത്ര സംബന്ധിയായ സെമിനാറുകൾ
- ദിനാചരണങ്ങൾ. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങൾ.

സോഷ്യൽ സയൻസ്

- വിവിധങ്ങളായ ദിനാചരണങ്ങൾ.
- ധീരവ്യക്തിത്വങ്ങളുടെ ചിത്രപ്രദർശനങ്ങൾ.
- ക്വിസ് മത്സരങ്ങൾ.
- ഫീൽഡ് ട്രിപ്പ്.
- ഭൂപടനിർമ്മാണം.

പാരിസ്ഥിതികം

- പരിസ്ഥിതി ദിനാചരണങ്ങൾ
- അനുബന്ധ പ്രവർത്തനങ്ങൾ
- പ്ലാസ്റ്റിക് രഹിത വിദ്യാലയം

ജൈവപച്ചക്കറിത്തോട്ടം

- കാർഷികക്ലബ്ബ്
- കൃഷിഭവന്റെ സഹായത്തോടെയുള്ള കൃഷി പരിശീലനം
- കർഷകരെ ആദരിക്കൽ

സാമൂഹികാവബോധം

- ട്രാഫിക് ബോധവൽക്കരണം.
- ലഹരിവിമുക്തക്യാമ്പസ്
- നിർധനസഹപാഠികളെ സഹായിക്കൽ
- വിവിധ ഉത്സവാഘോഷങ്ങൾ
- അനാഥർക്കും അംഗപരിമിതർക്കും സഹായം

**മാലിന്യനിർമ്മാണം**

- ജൈവമാലിന്യം കൃഷിക്ക് അനുയോജ്യമാക്കൽ
- ബയോഗ്യാസ് പ്ലാന്റ്
- ഊർജ്ജസംരക്ഷണബോധവൽക്കരണം

**വിമർശനാവബോധം**

- സാമൂഹികപ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിന്
- ചർച്ചകൾ
- സംവാദങ്ങൾ
- സെമിനാറുകൾ.

**കലാപരിപോഷണം**

- നൈസർഗ്ഗിക വാസനകൾ കണ്ടെത്തി പരിശീലിക്കുന്നതിനുള്ള അവസരം.
- പ്രവൃത്തിപരിചയമികവ്
- പ്രവൃത്തിപരിചയമേളയിൽ സംസ്ഥാനതലത്തിൽ വരെ മികവ്

**സ്പോർട്സ്**

- ശാരീരിക-കായിക ക്ഷമത വളർത്തുന്നതിനുള്ള പരിശീലനം.
- ജില്ലാതലത്തിൽ വരെ മികവ്

**മാനസികാരോഗ്യം.**

- കുട്ടികളുടെ മാനസികാരോഗ്യകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ.
- കൗൺസിലിംഗ്
- ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം.

**ഉച്ചഭക്ഷണസംവിധാനം**

- സ്കൂൾ നൂൺഫീഡിംഗ്, പാൽ, മുട്ട, പഴം, വിശേഷാവസരങ്ങളിൽ സദ്യ.







# കലോത്സവം

പഠനത്തോടൊപ്പം കലയിലും ഞങ്ങൾ മുന്നിൽ തന്നെ എന്ന് തെളിയിക്കുന്നതായിരുന്നു. ഈ വർഷം കലോത്സവത്തിൽ കുട്ടികൾ നേടിയെടുത്ത വിജയം നവംബർ **12, 13, 14,15** തീയതികളിലായി മണ്ണത്തൂർ ഗവൺമെന്റ് എച്ച് എസ് എസിൽ വച്ച് നടന്ന കൂത്താട്ടുകുളം ഉപജില്ല കലോത്സവത്തിൽ കുട്ടികൾ **14** ഇനങ്ങളിൽ എ ഗ്രേഡ് നേടി. യുപി വിഭാഗം റണ്ണറപ്പ് കിരീടം ചൂടി. ചിത്രരചന, ജലച്ചായം, പെൻസിൽ ഡ്രോയിങ് എന്നീ ഇനങ്ങളിൽ സംസ്കൃതി ശ്രേയസും, ശ്രീലക്ഷ്മി സജി ഹിന്ദി പദ്യം ചൊല്ലലിൽ ഫസ്റ്റ് ഏക ഗ്രേഡ് കരസ്ഥമാക്കി ജില്ലാ മത്സരത്തിന് അർഹരായി. എച്ച് എസ് വിഭാഗം ഉപജില്ല കലോത്സവത്തിൽ നാലാം സ്ഥാനം കരസ്ഥമാക്കി. ചിത്രരചന, പെൻസിൽ ഡ്രോയിങ്, ഓയിൽ പെയിന്റിംഗ്, മലയാളം കഥാരചന, ലളിതഗാനം, മാപ്പിളപ്പാട്ട്, ശാസ്ത്രീയ സംഗീതം, നാടോടി നൃത്തം, ഹിന്ദി പ്രസംഗം, ഉറുദു പദ്യം ചൊല്ലൽ എന്നീ ഇനങ്ങളിൽ നമ്മുടെ കുട്ടികൾ ഫസ്റ്റ് **A**ഗ്രേഡ് നേടി. എച്ച് എസ് വിഭാഗം സംഘഗാനം വഞ്ചിപ്പാട്ട് ചെണ്ടമേളം എന്നീ ഗ്രൂപ്പിനങ്ങളിലും നമ്മുടെ കുട്ടികൾ ഫസ്റ്റ് എ ഗ്രേഡ് കരസ്ഥമാക്കി. പെരുമ്പാവൂർ കുറുപ്പംപടിയിൽ വച്ച് നടന്ന എറണാകുളം റവന്യൂ ജില്ല കലോത്സവത്തിൽ കുട്ടികൾ പങ്കെടുക്കുകയും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.

ഈ വർഷത്തെ ഉപജില്ല ശാസ്ത്ര, പ്രവർത്തി പരിചയമേളകൾ ഒക്ടോബർ പത്തിന് ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, എച്ച് എസ് കൂത്താട്ടുകുളം, ഗവൺമെന്റ് യുപിഎസ് കൂത്താട്ടുകുളം, എൽ എഫ് വടകര എന്നീ വിദ്യാലയങ്ങളിൽ വെച്ച് നടന്നു. കൂത്താട്ടുകുളം ഉപജില്ല ശാസ്ത്രോത്സവത്തിൽ പ്രവൃത്തി പരിചയമേളയിലും, ഗണിത മേളയിലും ഓവറോൾ ഫസ്റ്റ് കരസ്ഥമാക്കി. സയൻസ് മേളയിലും ഐടി മേളയിലും ഓവറോൾ സെക്കൻഡ് കരസ്ഥമാക്കുകയും ചെയ്തു.


GPS Map Camera
Muvattupuzha, Kerala, India
Google











# സംഘടനകൾ, ക്ലബുകൾ

ലിറ്റിൽ കൈറ്റ്സ്, ഗൈഡിംഗ്, റെഡ് ക്രോസ്, സയൻസ് ക്ലബ് ,മാത്സ് ക്ലബ്, പരിസ്ഥിതി ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, ഇംഗ്ലീഷ് ക്ലബ്, ഹെൽത്ത് ക്ലബ്, വിദ്യാരംഗം കലാ സാഹിത്യ വേദി, ഐ.റ്റി ക്ലബ്, അഡാർട്ട് ക്ലബ്

## ലക്ഷ്യങ്ങൾ

- ലക്ഷ്യങ്ങൾ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗ വരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് മികച്ച വിജയങ്ങൾ നേടാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും ഭാഷകൾ (മലയാളം , ഇംഗ്ലീഷ്, ഹിന്ദി) സംസാരിക്കാനും വായിക്കാനും എഴുതാനും ഉള്ള കഴിവുകൾ ഉറപ്പുവരുത്തും.
- കുട്ടികൾ യു.പി തലത്തിൽ നേടേണ്ട ശാസ്ത്രീയമായ ( ഗണിതം, ശാസ്ത്രം) അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കും
- കമ്പ്യൂട്ടർ അധിഷ്ഠിത പഠനം എല്ലാ ക്ലാസ്സുകളിലും '
- കലാ-കായിക പ്രവർത്തി പരിചയത്തിൽ മികവ് നേടുന്നു.
- 8, 9 - ക്ലാസ്സിലെ കുട്ടികൾക്ക് ജർമ്മൻ , ഇംഗ്ലീഷ് PSC കോച്ചിംഗ് നടത്തുന്നു.
- സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവിഷ്കാരത്തിനു മുള്ള വൈവിധ്യമാർന്ന അവസരങ്ങളൊരുക്കുന്നു.
- ലഹരി വിമുക്ത സമൂഹത്തിനായി പ്രത്യേക സെമിനാറുകൾ ബോധവത്ക്കരണ ക്ലാസ്സുകൾ ഇവ നടത്തുന്നു.
- ആശ്രിതർക്കൊരു കൈതാങ്ങ് പദ്ധതി നടപ്പിലാക്കുന്നു. (Poor fund, wall of Love)

ഐ റ്റി ലാബുകൾ കാലത്തിനൊത്തു പരിഷ്കരിക്കുക

- ഐ. റ്റി പ്രതിഭാശാലികളായ കുട്ടികളുടെ സേവനങ്ങൾ ക്ലാസ്സു മുറികളിലു പഠന
- പ്രവർത്തനങ്ങളിലും ഉപയോഗപ്പെടുത്തുക

അക്കാദമിക് മാസ്റ്റർപ്ലാൻ – എൽ.പി. മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം, പദസമ്പത്ത് വളർത്തുക എന്നിവയ്ക്ക് പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ, കവിത, അനുഭവക്കുറിപ്പ് തുടങ്ങിയവയിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| പഠിതാക്കളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കുക. | വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി വളർത്തുകയും | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | | | |
| | വാർത്താവായന: നവമാധ്യമങ്ങളിലൂടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സന്ദർശനവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം. | ഹെഡ്മാസ്റ്റർ, മലയാളം അധ്യാപകർ. | പി.ടി.എ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

UP-MALAYALAM 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടറിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുക. ഇ-മാഗസിൻ പ്രസിദ്ധീകരിക്കുക. ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ. | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം: കിലുക്കം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം. | പി.ടി.എ., സ്കൂൾ | പി.ടി.എ. |
| കുട്ടികളുടെ റേഡിയോ അവതരണ മികവ് വളർത്തുക. | സെന്റ് പീറ്റേഴ്സ് റേഡിയോ: വാർത്തകൾ, ദിനാചരണങ്ങൾ മുതലായവ അവതരിപ്പിക്കുന്നു. | എല്ലാദിവസവും. | ക്ലാസ് ലീഡർമാർ, മലയാളം അധ്യാപകർ. | വിവിധ ക്ലബ്ബുകൾ, പി.ടി.എ. |

# UP HINDI

| Sl. No | Programme | Activity | Duration | സന്നാഹം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പാഠങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്,<br>• അക്ഷരമാല ക്ലാസിൽ പ്രദർശനം.<br>• അക്ഷരമാല കളികൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷര ചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>Resource teachers. |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | September to october. | ഹിന്ദി നിഘണ്ടു | PTA,<br>BRC<br>Resource teachers. |
| 3. | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് Sep 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-മാഗസിൻ പ്രദർശനം<br>• വായന ക്ലബ്<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

ലെവൽ · യു · പി · ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| I | • Lend your ear<br>ദിവസവും പത്രവാർത്തയായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്യുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | July | English Teacher | English club. |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും സാഹചര്യം ഒരുക്കുന്നു. | • Follow me if you can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. | June | English Teacher | |
| | • Missing Man<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. | June | English Teacher | |
| | • Breaking news<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കുട്ടികൾ മനസ്സിലാക്കുന്നു. | November | English Teacher | |

ലെവൽ: യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| I<br>ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുക. | • Lend your ear<br>സംഭാഷണവും പാട്ടുകളുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്യുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | July | English Teacher | English club. |
| | • Follow me if you can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. | June | English Teacher | |
| | • Missing Man<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. | June | English Teacher | |
| | • Breaking news<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കുട്ടികൾ മനസ്സിലാക്കുന്നു. | November | English Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 2. ഭാഷാശേഷി വായന പരിപോഷിപ്പിക്കുന്നു. | • Meet the foreigner<br>തന്നോട് ഇംഗ്ലീഷ് സംസാരിക്കുന്ന വ്യക്തികളുമായി അനായാസവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | English Teacher | |
| | • One man show<br>ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | October | English Teacher | English club |
| | • Too can<br>വായന കാർഡുകൾ നൽകി ഒറ്റയ്ക്കുതന്നെ വായിക്കാനുള്ള അവസരം നൽകുന്നു. | July | English Teacher | |
| | • F.M. Corner<br>വ്യത്യസ്തങ്ങളായ Reader's theatre റേഡിയോ പ്രോഗ്രാം രൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | Term-ൽ ഒരു തവണ | English Teacher | |
| | • Reader of the Month<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | എല്ലാ മാസവും. | English Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3<br>തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My droplets<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | English Teacher | |
| | Alert zone<br>സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ കോമ്പൗണ്ടിലും, ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | English Teacher | English Club. |
| | Run baby run<br>ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്ന വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം ഓടിവന്ന് ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ആദ്യം എഴുതിയ ആളെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | English Teacher | |
| | Fun time Funda<br>കടംകഥകൾ, ക്വിസ് ചോദ്യങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഇംഗ്ലീഷ് പീരിയഡിൽ | English Teacher | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **Atal Tinkering Laboralory** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>**3D** പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത **Fullerine** പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മലയാളം - അക്കാദമിക് മാസ്റ്റർ പ്ലാൻ

| ആമുഖം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷിയാണ് വികസിതമാകുന്നത്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തര പ്രവർത്തനങ്ങളാണ് 2025-26 അധ്യയന കാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. | * 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.<br>* കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക<br>* കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക. | * പിറന്നാളിനൊരു പുസ്തകം<br>* വായനക്കുറിപ്പ്<br>* ശില്പശാല - കഥ, കവിത<br>* ശില്പശാല - സെമിനാർ<br>* ചുവർമാഗസിൻ<br>* കൈയെഴുത്ത് മാഗസിൻ<br>* സാഹിത്യപഠനയാത്ര<br>* വായനക്കൂട്ടം - പുസ്തകചർച്ച<br>* അഭിമുഖം | ജൂൺ - മെയ് വരെ | ക്ലാസ് അധ്യാപകൻ<br>മലയാളം അധ്യാപകർ | പിടിഎ |

## ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

* മുഴുവൻ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
* ഹിന്ദി ഭാഷാപഠനം രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* കുട്ടികളിൽ ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തുക.
* പിന്നാക്കക്കാരായ കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

### Class - 8

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു | പ്രാരംഭം |
| അക്ഷരങ്ങൾ എഴുതാനും വായിക്കാനും, കണ്ടെത്താനും പഠിപ്പിക്കുന്നു | ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു | ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ മാസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളും തന്നെ തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും, വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പോസ്റ്ററുകൾ, പദസൂര്യൻ എന്നിവ നൽകുന്നു. | ഡിസംബർ - ജനുവരി |
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | |

## Class 9

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി വായിക്കുവാനും എഴുതുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ അടങ്ങിയിട്ടുള്ള വാക്യങ്ങൾ പരിചയപ്പെടുത്തുന്നു ചെറിയ ചെറിയ സംഭാഷണങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു | ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മാതൃക നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് അവതരിപ്പിക്കുവാൻ പറയുന്നു. | നവംബർ - ഡിസംബർ. |

## Class - 10

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളിൽ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം അവതരിപ്പിക്കാനും സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാനും പറയുന്നു | ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം വിപുലമായി നടത്തുന്നു കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത പോസ്റ്റർ, ഉപന്യാസം എന്നിവ സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് - ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു സ്വഭാവ സവിശേഷതകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു ഡയറി എഴുതുവാനറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി കുറിപ്പ് തയ്യാറാക്കുന്നു. ദിവസവും ഡയറി തയ്യാറാക്കുന്നു. | നവംബർ - ഡിസംബർ ജനുവരി. |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

**മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് റേഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്രലോകത്തേക്ക് | | | | |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 2. ശാസ്ത്രകൗതുകം | | | | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ഗവേഷണാത്മക പ്രോജക്ട് കളെ ഊന്നിയുള്ള പഠനം (Survey, Interview Observation) | വർഷത്തിൽ 1 തവണ | സയൻസ് അധ്യാപകർ | പിടിഎ |
| 3. ശാസ്ത്രമേളകളിലുള്ള പങ്കാളിത്തം ഉറപ്പു വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ഒരു വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പിടിഎ |
| 4. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 6 മാസത്തിലൊരിക്കൽ | സയൻസ് അധ്യാപകർ | പിടിഎ |
| 5. ശാസ്ത്രലാബ് നവീകരണം | | | | |
| ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | സയൻസുമായി പ്രത്യേകിച്ച് ഫിസിക്സുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും സജ്ജീകരിക്കൽ | ജനുവരി മുതൽ ഒരു മാസം | സയൻസ് ടീച്ചേഴ്സ് | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ~~മുൻ~~ ജീവശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ എന്നിവ ഉറപ്പ് വരുത്തുക | ടെസ്റ്റ്, മൂല്യനിർണയം ആശയ ധാരണകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ | അധ്യാപിക | SRG |
| 2 ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | Science club രൂപീകരണം ഇവർ തന്നെ പദ്ധതികളുണ്ടാക്കലും | ജൂൺ | അധ്യാപിക Science club | PTA |
| 3. അന്യമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുത്ത് പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | സ്കൂൾ ക്യാമ്പസിൽ പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം | ഒരു വർഷം | അധ്യാപിക | PTA കർഷകർ |
| മാലിന്യമുക്ത ആരോഗ്യ-ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | പരിസര ശുചീകരണം കുട്ടികൾക്കും രക്ഷിതാ ~~[illegible]~~ ക്കൾക്കും ക്ലാസ് ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട class | യഥാസമയങ്ങളിൽ | അധ്യാപിക | ആരോഗ്യവകുപ്പ് |

ST. PETER'S HSS ELANJI - Accademic Master Plan - 2025-26.

വിഷയം - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം -

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ദിശാബോധം നേടുക. | * ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. * സാമൂഹ്യശാസ്ത്രത്തിൽ താല്പര്യം നിലനിർത്തുന്ന പഠിതാക്കളെ കണ്ടെത്തി പ്രത്യേക ശ്രദ്ധ നൽകുന്നു. | നിശ്ചിത ദിവസങ്ങളിൽ അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | ജനാധിപത്യ മതേതര മൂല്യങ്ങൾ കൈവരിക്കുക; പൗരബോധം + ഉത്തരവാദിത്വബോധം വളർത്തുക | സ്കൂൾ പാർലമെന്റ്, ക്ലാസ് പാർലമെന്റ്, പൗരബോധം സാമൂഹ്യബോധം ഉയർത്താനുതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുക്കുന്ന ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, സ്പോൺസർ |
| 3. | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ, ആനുകാലിക വിഷയങ്ങൾ സമൂഹം കണ്ടില ഉണർത്തുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | P.T.A, മാനേജ്മെന്റ് |
| 4. | അന്വേഷണാത്മക ചിന്ത വളർത്തുക- സാമൂഹ്യ പരിജ്ഞാനം വർദ്ധിപ്പിക്കുക. | സർവെ, പ്രോജക്ട്, ചാർട്ടുകൾ, സെമിനാർ, ക്വിസ്സുകൾ, സിമ്പോസിയങ്ങൾ. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്. |
| 5. | ദിനാചരണ വായന ശീലം വളർത്തുക, സ്ഥലനാമങ്ങൾ നടത്താൻ പഠിക്കുക | ദിനാചരണ പ്രോഗ്രാമുകൾ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ, ക്വിസ്, ചാർട്ടുകൾ മുതലായവ തയ്യാറാക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6. | കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക | ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ഡിബേറ്റ്, ചിത്ര പ്രദർശനം | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| 7. | സ്വാതന്ത്ര്യ സമര ചരിത്രങ്ങൾ, ജീവചരിത്രങ്ങൾ, കൃതികൾ, സ്മാരകങ്ങൾ, ചരിത്രങ്ങൾ ഉൾപ്പെടുന്ന ചരിത്രങ്ങൾ | ചരിത്ര ശേഖരണ പ്രവർത്തനങ്ങളിലൂടെ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഗണിതശാസ്ത്രം

ഗണിതപഠനം രസകരമാക്കാൻ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളെ പരിചയപ്പെടുത്തുന്നു. | കൂട്ടായ പ്രവർത്തനം. ക്ലാസ്സിലെ കുട്ടികളെ പല ഗ്രൂപ്പുകളായി തിരിക്കുന്നു. ചർച്ച ചെയ്യുന്നു. | 4 പീരിയഡ് | ഗണിതാദ്ധ്യാപികയുടെ മേൽനോട്ടത്തിൽ | |
| 2 | ഗണിതാഭിരുചി വർത്തുന്നു | അനുയോജ്യമായ വീഡിയോകൾ, ആനിമേഷൻസ് തുടങ്ങിയവ തയ്യാറാക്കുന്നു | 3 പീരിയഡ് | ഗണിതാദ്ധ്യാപികയുടെ മേൽനോട്ടത്തിൽ കുട്ടികൾ | പി.റ്റി.എ. ഫണ്ട് |
| 3 | പ്രശ്നങ്ങളെ അവലോകനം ചെയ്യാനും പരിഹരിക്കാനുമുള്ള കഴിവ് നേടുന്നു | പൊതുചർച്ച | 4 പീരിയഡ് | ഗണിതാദ്ധ്യാപകർ | |
| 4 | ഗണിതത്തോട് താത്പര്യം വളർത്തുന്നു | സംവാദം നടത്തുന്നു | 2 പീരിയഡ് | ഗണിതാദ്ധ്യാപികയുടെ മേൽനോട്ടത്തിൽ ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| 5 | ക്രിയാത്മക ചിന്ത വളർത്തുന്നു | ഗണിതലാബിൽ കമ്പ്യൂട്ടറിന്റെയും വിവര സാങ്കേതിക വിദ്യകളുടെയും സഹായം തേടുന്നു | 10 പീരിയഡ് | ഗണിതാദ്ധ്യാപികയുടെ മേൽനോട്ടത്തിൽ | പി.റ്റി.എ |
| 6 | അനുദിന ജീവിതവുമായി ബന്ധപ്പെടുത്തുന്നു | സെമിനാർ. പുറംവാതിൽ പഠനം പഠനയാത്രകൾ | 10 പീരയഡ് | ഗണിതാദ്ധ്യാപിക | |

മേഖല യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതശേഷികൾ ഉറപ്പ് നൽകുന്നു. | ഗണിത ശിൽപശാല | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനം. | ജ്യാമിതി ശിൽപശാല | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |
| 3) ഗണിത പഠനം സുഗമമാക്കൽ. | ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം. | ഗണിത അധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും. | |
| 4) ഗണിതം മധുരമാക്കൽ. | ഗണിത പാർക്ക്. | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ് പി.ടി.എ |
| 5) കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിത ഗ്രാമം. | വർഷത്തിൽ അതാതു അവസരം. | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ. |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ | ഐ.ടി സാധ്യതകൾ ഉപയോഗിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
|---|---|---|---|---|
| 7) പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക്. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 8) വിവിധ ശേഷികളുടെ വികസനം. | ദിനാചരണം. | അവസരാനുസരണം. | SRG. | |

# ഉപസംഹാരം

വിജ്ഞാന വിസ്ഫോടനത്തിന്റെ കാലമാണിത്.സെന്റ് പീറ്റേഴ്സ് എച്ച.എസ്സ്.എസ്സ് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ . അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിനു അനുസൃതമായി കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കപ്പെട്ടതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പ്രാവർത്തികമാക്കാൻ ഈ അക്കാദമിക പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. ഈ പാഠാനുബന്ധ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും സഹായം കൊണ്ട് സാധിക്കും എന്ന വിശ്വാസത്തോടെയാണ്  രൂപകല്പന ചെയ്തിരിക്കുന്നത്.കേരളത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടർച്ചയും നവലോക സൃഷ്ടിക്കായുള്ള കർമ്മപദ്ധതിയുമായി ഈ അക്കാദമി മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

